വിനീത് ശ്രീനിവാസന്റെ സുഹൃത്ത് സംഘത്തിൽ നിന്നും പ്രേക്ഷകരിലേക്കെത്തിയ ഏറ്റവും പുതിയ ചിത്രമാണ് ഹെലൻ. നോബിൾ ബാബു തോമസ് മാത്തുക്കുട്ടി സേവ്യർ ആൽഫ്രഡ് കുര്യൻ ജോസഫ് എന്നിവർ ചേർന്നൊരുക്കിയ തിരക്കഥയ്ക്ക് ദൃശ്യഭാഷ ഒരുക്കിയത് പുതുമുഖം മാത്തുക്കുട്ടി സേവ്യർ ആണ്. വിനീത് ശ്രീനിവാസൻ ആണ് ചിത്രം നിർമ്മിച്ചിരിക്കുന്നത്.

"ഈ സിനിമയുടെ ട്രെയിലർ കണ്ടാൽത്തന്നെ ഊഹിക്കാവുന്നതേയുള്ളൂ അതിന്റെ കഥ". ഹെലൻ എന്ന മലയാള സിനിമ കാണാൻ പോകുന്നതിനെപ്പറ്റി ഒരു കൂട്ടുകാരനോടു സംസാരിച്ചപ്പോൾ അവൻ പറഞ്ഞ വാചകമാണിത്. സത്യമാണ്. ഹെലൻ പറയാൻ ശ്രമിക്കുന്ന കഥ വളരെ നേർത്തതാണ്. പക്ഷേ ആ കഥ പറയാൻ ശ്രമിക്കുന്ന രീതിയാണ് ഈ സിനിമയുടെ ഹൈലൈറ്റ്. ഹോളിവുഡ് സൃഷ്ടിച്ച എണ്ണം പറഞ്ഞ സർവൈവൽ ത്രില്ലറുകളിൽ ഒന്നായിരുന്നു ഡാനി ബോയ്ൽ സംവിധാനം ചെയ്ത 127 അവേഴ്സ്.ആരോൺ റാൾസ്റ്റണെന്ന പർവ്വതാരോഹകൻ 2003 ൽ ബ്ലൂ ജോൺ കാന്യണിലെ ഒരു മലയിടുക്കിൽ ശരീരം കുടുങ്ങിപ്പോയതിനു ശേഷം തന്റെ കൈ സ്വയം ആംപ്യൂട്ട് ചെയ്ത് രക്ഷപ്പെട്ട സംഭവ കഥയുടെ സിനിമാവിഷ്കാരമായിരുന്നു ആ സിനിമ. ആ കഥ സിനിമയാക്കിയതിനെപ്പറ്റി പിന്നീടൊരിക്കൽ ബോയ്ൽ ഇങ്ങനെ പറഞ്ഞിട്ടുണ്ട് " ഈ സിനിമ ജനങ്ങൾ സ്വീകരിക്കണമെങ്കിൽ ഒറ്റ വഴിയേ ഉണ്ടായിരുന്നുള്ളൂ. ആ മലയിടുക്കിൽ കുടുങ്ങിപ്പോയത് താനാണെന്ന് ഓരോ പ്രേക്ഷകനും തോന്നണം.രക്ഷപ്പെടാനുള്ള വെപ്രാളം ഓരോരുത്തനിലുമുണ്ടാകണം" ഒരർത്ഥത്തിൽ 127 അവേഴ്സിന്റെ കാര്യത്തിൽ മാത്രമല്ല കാല-ദേശ-ഭാഷാ ഭേദമില്ലാതെ സർവൈവൽ ത്രില്ലറുകൾക്ക് ഏറ്റവും പ്രധാനമായി വേണ്ടത് ആ തോന്നലുളവാക്കലാണ്. ഹെലൻ ഒന്നാന്തരമായി അത് നിർവഹിക്കുന്നുണ്ട്. ഹെലൻ. ലക്ഷണമൊത്ത ത്രില്ലർ എന്നൊന്നും പറയുന്നില്ലെങ്കിലും സ്പൈൻ -ചില്ലിങ് ആയിട്ടുള്ള ഒരു അനുഭവം സമ്മാനിക്കുന്നുണ്ട് ഹെലൻ.

ടീസറുകൾ തന്ന ഊഹങ്ങളും പ്രതീക്ഷകളും പോലെ തന്നെ ഹെലൻ, അസാധാരണമാം വിധം മനഃസാന്നിധ്യം ഉള്ള ഒരു സാധാരണ പെൺകുട്ടിയുടെ അതിജീവനത്തിന്റെ കഥയാണ്. ബി എസ് സി നഴ്സിംഗ് ബിരുദധാരിയായ ഹെലൻ എന്ന പെൺകുട്ടി, തന്റെ കുടുംബത്തിന്റെ ബാധ്യത തീർക്കാൻ നാട്ടിലെ നഴ്സിംഗ് ജോലിചെയ്തു കിട്ടുന്ന തുച്ഛമായ തുക മതിയാവാത്തതു കൊണ്ട് കാനഡയ്ക്കു പോകാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും താൽക്കാലികമായി ഒരു മാളിലെ ഫ്രൈഡ് ചിക്കൻ സ്റ്റോറിൽ ജോലി നോക്കുകയും ചെയ്യുന്നു. മകൾക്കു വേണ്ടി മാത്രം ജീവിക്കുന്ന സ്നേഹനിധിയായ തന്റെ അച്ഛനും, മരിച്ചുപോയ തന്റെ അമ്മയുടെ ഓർമകളും മാത്രം അടങ്ങുന്നതാണ് അവളുടെ കുടുംബം. അസർ എന്നൊരു ചെറുപ്പക്കാരനുമായി പ്രണയത്തിൽ ആണ് ഹെലൻ. അങ്ങനെ സന്തോഷകരമായി മുന്നോട്ടു പൊയ്ക്കൊണ്ടിരുന്ന അവളുടെ ജീവിതത്തിൽ ചില പ്രശ്നങ്ങൾ ഉണ്ടാവുകയും, ഒരു ദിവസം അവളെ കാണാതെ ആവുകയും ചെയ്യുന്നു. തുടർന്നുള്ള ഉദ്വെഗജനകമായ സംഭവങ്ങൾ ആണ് ചിത്രം പറയുന്നത്.

ഓപ്പണിങ് ഷോട്ടുകളിൽ കാണിക്കുന്ന ഉറുമ്പിനു മുതൽ ഇങ്ങേയറ്റത്തുള്ള മനുഷ്യനു വരെ ജന്മസിദ്ധമായിട്ടുള്ള ഒന്നാണ് survival instincts. ശാരീരിക പ്രശ്നങ്ങളും, വൈകാരികതകളും ഒന്നുപോലെ ശ്വാസം മുട്ടിക്കുന്നുണ്ട് ഹെലന്റെ രണ്ടാം പകുതിയിൽ; രണ്ടാമതു പറഞ്ഞത് അവളെ മാത്രമല്ല നമ്മളെയും. രക്ഷപ്പെടാനുള്ള ശ്രമങ്ങൾ പരാജയപ്പെടുന്നിടത്തു നമ്മളും നിരാശരാകുന്നുണ്ട്. പുതുവഴികൾ തേടാൻ നമ്മളും സ്ക്രീനിന്റെ രണ്ടു വശങ്ങളും നോക്കുന്നുണ്ട്. തിയേറ്ററിൽ അരിച്ചിറങ്ങുന്ന തണുപ്പ് നമ്മളെയും ഭീതിയിലാഴ്ത്തുന്നുണ്ട്. മരവിപ്പ് നമ്മളെയും പിടികൂടുന്നുണ്ട്. അതേ സമയം തന്നെ പുറത്ത് അവളെ കണ്ടെത്താനുള്ള അച്ഛന്റെയും, പൊലീസിന്റെയും ശ്രമം സമാന്തരമായി നടക്കുന്നുണ്ട്. ഓരോ പോയന്റിലും അത് നിരർത്ഥകമായി അവസാനിക്കുന്നിടത്ത് നമ്മളും നെടുവീർപ്പിടുന്നുണ്ട്. രണ്ടാം പകുതിയിലുടനീളം നമ്മളെ ആ

ഫ്രീസറിൽ ഹെലനൊപ്പം തളച്ചിടുന്നതിൽ സംവിധായകനായ മാത്തുക്കുട്ടി സേവ്യർ പ്രശംസാർഹമാം വിധം വിജയിച്ചിട്ടുണ്ടെന്ന് പറയാതെ വയ്യ.

ഹെലൻ ആയി എത്തുന്നത് കുമ്പളങ്ങി നൈറ്റ്സ് എന്ന ചിത്രത്തിലൂടെ മലയാളികളുടെ പ്രിയങ്കരിയായി മാറിയ അന്ന ബെൻ ആണ്. അന്നയുടെ മനോഹരമായ പ്രകടനമാണ് ചിത്രത്തിന്റെ പ്രധാന സവിശേഷത. ജീവിതത്തിലെ ഒരു പ്രതിസന്ധിഘട്ടത്തിൽ അകപ്പെടുന്ന പെൺകുട്ടിയുടെ ഭയവും, ആശങ്കയും, നിസ്സഹായാവസ്ഥയും, ചിന്തകളും, പ്രതീക്ഷയും, സങ്കടവും, മനഃസാന്നിധ്യവും ഒക്കെ അന്നയിൽ ഭദ്രമായിരുന്നു. ഇനിയും ഒരുപാട് നല്ല കഥാപാത്രങ്ങൾ അന്നയിലൂടെ മലയാളികൾക്ക് ലഭിക്കും എന്ന് ഉറപ്പിക്കുന്നതാണ് ചിത്രത്തിലെ പ്രകടനം. അന്നയുടെ സ്നേഹനിധിയായ, കൂട്ടുകാരൻ ആയ അച്ഛൻ ആയി ലാലും മനോഹരമാക്കി. അച്ഛനും മകളും ചേർന്നുള്ള രംഗങ്ങൾ മനോഹരമാണ്.

തന്റെ പതിവ് റോളുകളിൽ നിന്നും വ്യത്യസ്തമായി അൽപം വില്ലത്തരമുള്ള പോലീസ് ഉദ്യോഗസ്ഥൻ ആയി എത്തിയ അജു വർഗീസിന്റെ പ്രകടനവും എടുത്തു പറയേണ്ടതാണ്. സി ഐ ആയെത്തിയ ബിനു പപ്പുവും അസർ ആയെത്തിയ നോബിളും ചിക്കൻ ഹബ് മാനേജർ ആയെത്തിയ റോണിയും മാളിലെ സെക്യൂരിറ്റി ആയെത്തിയ ജയരാജും മറ്റു ചെറിയ റോളുകളിൽ വന്നവരും തങ്ങളുടെ കഥാപാത്രങ്ങൾ നന്നാക്കി.

ആനന്ദ് ചന്ദ്രന്റെ വിശ്വൽസും ചിത്രത്തിന്റെ കഥാപരിസരത്തിനോട് നീതി പുലർത്തി.ചുവപ്പും, വെള്ളയും ഉപയോഗിച്ചുള്ള തീമാറ്റിക് അവതരണം ഹെലന് ഭംഗിയേറ്റുന്നുണ്ട്. പോസ്റ്റർ മുതൽ ഫ്രെയിം വരെ നീളുന്ന അത് വല്ലാത്തൊരു ഫ്രഷ്നസ് സിനിമയ്ക്ക് നൽകുന്നുണ്ട്. ഷാൻ റഹ്മാൻ ഗാനങ്ങളും ആസ്വാദ്യകരമാണ്. പ്രത്യേകിച്ച് കാണാതീരം എന്ന് തുടങ്ങുന്ന ഗാനം.

മെല്ലെ തുടങ്ങി അരമണിക്കൂറിനുള്ളിൽ തന്നെ അൽപം ഉദ്വേഗം ഉണർത്തുന്ന രംഗങ്ങളിലേക്കു കടക്കുന്നുണ്ട് ചിത്രം. 2 മണിക്കൂർ യാതൊരു മുഷിപ്പും കൂടാതെ അൽപം ടെൻഷൻ അടിച്ചു കാണാവുന്ന ഒരു സർവൈവൽ ത്രില്ലർ താല്പര്യം ഉള്ളവർക്ക് ധൈര്യമായി ടിക്കറ്റ് എടുക്കാം. നീരാളി പോലെയുള്ള മലയാളത്തിലെ സർവൈവൽ ത്രില്ലറുകൾക്കു ഒരു അപവാദം ആണ് ഹെലൻ.

ഇതു വരെ പറയാത്ത കഥകളും, കഥാപരിസരങ്ങളും, പരിചരണ രീതികളുമായി മലയാള സിനിമ വളരുക തന്നെയാണ്.

റിവ്യൂ : Arjun Anand, Suresh Narayanan, Jithesh Mangalath